**മധുരമായ കുട്ടികളേ – ഇപ്പോൾ നിങ്ങളുടെ വാദം കേൾക്കുകയാണ്, അവസാനം ആ ദിവസം വന്നു, ഇപ്പോൾ ഈ പുരുഷോത്തമ സംഗമയുഗത്തിൽ നിങ്ങൾ ഉത്തമനിലും ഉത്തമനായ പുരുഷനായി മാറുകയാണ്.**

**ചോദ്യം–** വിജയവും പരാജയവും– ഇതുമായി ബന്ധപ്പെട്ടുള്ള ഏതൊരു ഭ്രഷ്ട കർമ്മമാണ് മനുഷ്യരെ ദുഃഖിയാക്കുന്നത്?
**ഉത്തരം–** ചീട്ടുകളി. വളരെ അധികം പേരിൽ ചീട്ട് കളിക്കുന്ന ശീലമുണ്ട്, ഇത് ഭ്രഷ്ടകർമ്മമാണ് എന്തുകൊണ്ടെന്നാൽ പരാജയപ്പെടുന്നതിലൂടെ ദുഃഖവും വിജയിക്കുന്നതിലൂടെ സന്തോഷവും ഉണ്ടാകുന്നു. നിങ്ങൾ കുട്ടികൾക്കുള്ള ബാബയുടെ ആജ്ഞയിതാണ്– കുട്ടികളേ, ദൈവീക കർമ്മങ്ങൾ ചെയ്യൂ. സമയം വ്യർത്ഥമാക്കുന്ന ഒരു കർമ്മവും ചെയ്യരുത്. സദാ പരിധിയില്ലാത്ത വിജയം നേടുന്നതിനുള്ള പുരുഷാർത്ഥം ചെയ്യൂ.

**ഗീതം–** അവസാനം ആ ദിനം ഇന്ന് വന്നു.....

**ഓം ശാന്തി**. ഡബിൾ ഓംശാന്തി. നിങ്ങൾ കുട്ടികളും ഓംശാന്തി എന്ന് പറയണം പിന്നെ ഇവിടെ ഡബിൾ ഓംശാന്തിയാണ്. നമ്മൾ ബാബാ എന്ന് വിളിക്കുന്ന സുപ്രീം സോളും ഓംശാന്തി പറയുന്നു, കുട്ടികളും പറയുന്നു. നിങ്ങൾ കുട്ടികളും പറയുന്നു ഞാൻ ആത്മാവ് ശാന്തസ്വരൂപമാണ്.ശാന്തിദേശത്തിലാണ് വസിക്കുന്നത്. ഇവിടെ ഈ സ്ഥൂലദേശത്തിൽ പാർട്ട് അഭിനയിക്കാൻ വന്നതാണ്. ഈ കാര്യങ്ങൾ ആത്മാക്കൾ മറന്നുപോയി അവസാനം ആ ദിവസം തീർച്ചയായും വന്നു, ഇന്ന് വാദം കേൾക്കുകയാണ്. എന്താണ് വാദം? പറയുന്നു ബാബാ ദുഃഖത്തെ ഇല്ലാതാക്കി സുഃഖം നൽകൂ. ഓരോ മനുഷ്യനും സുഖ ശാന്തിയാണ് ആഗ്രഹിക്കുന്നത്. ബാബയും പാവങ്ങളുടെ തോഴനാണ്. ഈ സമയത്ത് ഭാരതം തീർത്തും ദരിദ്രമാണ്. കുട്ടികൾക്ക് അറിയാം നമ്മൾ വളരെ വലിയ ധനികരായിരുന്നു. ഇതും നിങ്ങൾ ബ്രാഹ്മണകുട്ടികൾക്കേ അറിയൂ. ബാക്കി എല്ലാവരും കാട്ടിലാണ്. നിങ്ങൾ കുട്ടികൾക്കും നിശ്ചയം നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണുള്ളത്. നിങ്ങൾക്ക് അറിയാം ബാബ ശ്രീ ശ്രീയാണ്, ബാബയുടെ മതവും ശ്രേഷ്ഠത്തിലും ശ്രേഷ്ഠമാണ്. ഭഗവാന്റെ വാക്കുകളല്ലേ. മനുഷ്യർ രാമാ രാമാ എന്ന് പറഞ്ഞ് ബാൻഡ് അടിക്കുന്നു. ഇപ്പോൾ രാമൻ ത്രേതയിലെ രാജാവായിരുന്നു. അവരുടെ മഹിമ കൂടുതലാണ്. 14 കലയായിരുന്നു. രണ്ട് കല കുറവാണ്. അവരെക്കുറിച്ചും പാടുന്നു രാമൻ രാജാവ്, രാമൻ പ്രജാ...............നിങ്ങൾ ധനികരാവുകയല്ലേ. രാമനെക്കാൾ വലിയ ധനികരായിരിക്കും ലക്ഷ്മീ നാരായണന്മാർ. രാമൻ രാജാവ്, രാമൻ പ്രജാ............ രാജാവിനെ ദാതാവ് എന്നല്ലേ പറയുക. അന്നദാതാവ് എന്ന് പറയുന്നു. ബാബയും ദാതാവാണ്, ബാബ എല്ലാം നൽകുന്നു. കുട്ടികളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു.എന്തെങ്കിലും പ്രാപ്തമാക്കാനായി പാപം ചെയ്യേണ്ടതായി വരാൻ  അവിടെ അപ്രാപ്തമായ ഒരു വസ്തുവും ഉണ്ടായിരിക്കില്ല. അവിടെ പാപത്തിന്റെ പേരു പോലും ഉണ്ടായിരിക്കില്ല. അരകല്പം ദൈവീക രാജ്യമാണ് പിന്നീട് അരകല്പം ആസുരീയ രാജ്യമായിരിക്കും. അസുരൻ അർത്ഥം ദേഹാഭിമാനമുള്ളവർ, 5 വികാരങ്ങളുണ്ടവരിൽ.

ഇപ്പോൾ നിങ്ങൾ തോണിക്കാരന്റെ അഥവാ തോട്ടക്കാരന്റെ അടുത്തെത്തിയിരിക്കുന്നു. നിങ്ങൾക്ക് അറിയാം നമ്മൾ നേരിട്ട് അവരുടെ അടുത്ത് ഇരിക്കുകയാണ്. നിങ്ങൾ കുട്ടികളും ഇരിക്കെത്തന്നെ മറന്നുപോകുന്നു. ഭഗവാൻ എന്ത് ആജ്ഞാപിക്കുന്നുവോ അത് അനുസരിക്കണമല്ലോ. ആദ്യം ബാബ ശ്രീമതം നൽകുന്നു ശ്രേഷ്ഠത്തിലും ശ്രേഷ്ഠമാക്കി മാറ്റുന്നതിനായി. എങ്കിൽ മതം അനുസരിച്ച് നടക്കണമല്ലോ. ആദ്യമാദ്യം മതം നൽകുന്നു– ദേഹീ അഭിമാനിയായി മാറൂ. ബാബ നമ്മൾ ആത്മാക്കളെ പഠിപ്പിക്കുകയാണ്. ഇത് പക്കയിലും പക്കയായി ഓർമ്മിക്കണം. ഈ വാക്കുകൾ ഓർമ്മിച്ചാൽ തോണി അക്കരെയെത്തും. കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്, നിങ്ങൾ തന്നെയാണ് 84 ജന്മങ്ങൾ എടുക്കുന്നത്. നിങ്ങൾ തന്നെയാണ് തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറുന്നത്. ഈ ലോകം പതിതവും ദുഃഖിയുമാണ്. സ്വർഗ്ഗത്തെയാണ് സുഖധാമം എന്നു പറയുന്നത്. കുട്ടികൾക്ക് അറിയാം ഭഗവാൻ ശിവബാബയാണ് നമ്മെ പഠിപ്പിക്കുന്നത്. നാം അവരുടെ വിദ്യാർത്ഥികളാണ്. ബാബ അച്ഛനുമാണ് ടീച്ചറുമാണ്, അതിനാൽ നല്ല രീതിയിൽ പഠിക്കണം. ദൈവീക കർമ്മങ്ങൾ ചെയ്യണം. ഒരു ഭ്രഷ്ടകർമ്മവും ചെയ്യരുത്. ചീട്ടുകളിയും ഭ്രഷ്ടകർമ്മത്തിലാണ് വരുക. ഇതും ദുഃഖം നൽകുന്നു. തോറ്റാൽ ദുഃഖമുണ്ടാകും ജയിച്ചാൽ സന്തോഷിക്കും. ഇപ്പോൾ നിങ്ങൾ കുട്ടികൾ മായയിൽ നിന്നും പരിധിയില്ലാത്ത തോൽവി ഏറ്റുവാങ്ങി. ഇതും പരിധിയില്ലാത്ത

തോൽവിയുടേയും വിജയത്തിന്റേയും കളിയാണ്. 5 വികാരങ്ങളാകുന്ന രാവണനോട് തോൽവി തന്നെ തോൽവി, അതിനുമേൽ വിജയം നേടണം. മായയോട് തോൽവി തന്നെ തോൽവി. ഇപ്പോൾ നിങ്ങൾ കുട്ടികൾ വിജയിക്കണം. ഇപ്പോൾ നിങ്ങൾ ചീട്ടുകളി മുതലായ എല്ലാം ഉപേക്ഷിക്കണം. ഇപ്പോൾ പരിധിയില്ലാത്ത വിജയം നേടുന്നതിൽ പൂർണ്ണ ശ്രദ്ധ നൽകണം. സമയം വ്യർത്ഥമാക്കുന്ന തരത്തിലുള്ള ഒരു കർമ്മവും ചെയ്യരുത്. പരിധിയില്ലാത്ത വിജയം നേടുന്നതിനായി പുരുഷാർത്ഥം ചെയ്യണം. ചെയ്യിക്കുന്ന ബാബ സമർത്ഥനാണ്. ബാബ സർവ്വശക്തിവാനാണ്. ഇതും മനസ്സിലാക്കിത്തന്നിട്ടുണ്ട് അതായത് ബാബ മാത്രമല്ല സർവ്വശക്തിവാൻ. രാവണനും സർവ്വശക്തിവാനാണ്. അരകല്പം രാവണ രാജ്യവും അരകല്പം രാമരാജ്യവുമാണ് നടക്കുന്നത്. ഇപ്പോൾ നിങ്ങൾ രാവണനുമേൽ വിജയം നേടുകയാണ്. ഇപ്പോൾ പരിധിയുള്ള കാര്യങ്ങളെ വിട്ട് പരിധിയില്ലാത്തതിൽ മുഴുകണം. തോണിക്കാരൻ വന്നിരിക്കുന്നു. അവസാനം ആ ദിവസം വന്നുവല്ലോ. വിളിച്ച് വിളിച്ച് അവസാനം വാദം കേൾക്കുകയാണ് ഉയർന്നതിലും ഉയർന്ന ബാബ. ബാബ പറയുന്നു– കുട്ടികളേ, നിങ്ങൾ അരകല്പം വളരെ അധികം ക്ഷീണിച്ചു. പതിതമായി മാറി. പാവനമായത് ഭാരതം ശിവാലയമായിരുന്നു. നിങ്ങൾ ശിവാലയത്തിലായിരുന്നു വസിച്ചത്. ഇപ്പോൾ നിങ്ങൾ വേശ്യാലയത്തിലാണ്. ശിവാലയത്തിൽ വസിക്കുന്ന നിങ്ങളെയാണ് പൂജിക്കുന്നത്. ഇവിടെ ഈ അനേകം ധർമ്മങ്ങളുടെ എത്ര സംഘർഷമാണുള്ളത്. ബാബ പറയുന്നു ഞാൻ ഇതിനെയെല്ലാം അവസാനിപ്പിക്കുന്നു. എല്ലാത്തിന്റേയും വിനാശം ഉണ്ടാകണം ബാക്കി ധർമ്മസ്ഥാപകരൊന്നും വിനാശം ചെയ്യുന്നില്ല. അവർ സദ്ഗതി നൽകുന്ന ഗുരുവുമല്ല.ജ്ഞാനത്തിലൂടെ സദ്ഗതി ഉണ്ടാകൂ. സർവ്വരുടേയും സദ്ഗതി ദാതാവ് ജ്ഞാനസാഗരനായ ബാബയാണ്. ഈ വാക്കുകൾ നല്ലരീതിയിൽ കുറിച്ചുവെയ്ക്കൂ. വളരെ അധികം പേര് ഇങ്ങനെയാണ് അവർ ഇവിടെ കേട്ട് പുറത്തുപോകുമ്പോൾ ഇവിടെ നിന്നും കേട്ടത് ഇവിടെത്തന്നെയിരിക്കും. ഏതുപോലെയാണോ ഗർഭജയിലിൽ പറയുന്നു– ഞാൻ പാപം ചെയ്യില്ലായെന്ന്. പുറത്ത് വന്നാൽ, അവിടെ പറഞ്ഞത് അവിടെത്തന്നെയിരുന്നു. കുറച്ച് വലുതായാൽ പാപം ചെയ്യാൻ തുടങ്ങും. കാമ കഠാരി ചലിപ്പിക്കുന്നു. സത്യയുഗത്തിൽ ഗർഭക്കൊട്ടാരമാണുള്ളത്. അതിനാൽ ബാബ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്– അവസാനം ആ ദിവസം ഇന്ന് വന്നു. ഏത് ദിവസം? പുരുഷോത്തമ സംഗമയുഗത്തിന്റെ. ഇത് ആർക്കും അറിയില്ല. നമ്മൾ പുരുഷോത്തമരാവുകയാണ് എന്ന അനുഭവം കുട്ടികൾ ചെയ്യുന്നു. ഉത്തമനിലും ഉത്തമനായ പുരുഷൻ നമ്മളായിരുന്നു, ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായ ധർമ്മമായിരുന്നു. കർമ്മവും ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായിരുന്നു. രാവണ രാജ്യമേ ഉണ്ടാകില്ല. ബാബ പഠിപ്പിക്കാനായി വരുന്ന ആ ദിവസം അവസാനം ഇന്ന് വന്നു. ബാബ തന്നെയാണ് പതിത പാവനൻ. എങ്കിൽ ഇങ്ങനെയുള്ള അച്ഛന്റെ ശ്രീമതം അനുസരിച്ച് നടക്കണ്ടേ. ഇപ്പോൾ കലിയുഗ അന്ത്യമാണ്. പാവനമായി മാറാൻ അല്പം സമയവും വേണമല്ലോ. 60 വയസ്സിനുശേഷം വാനപ്രസ്ഥം സ്വീകരിക്കുന്നു. 60 ആയാൽ ഊന്നുവടി പിടിച്ചു . ഇപ്പോൾ നോക്കൂ 80 വയസ്സായിട്ടുപോലും വികാരങ്ങളെ ഉപേക്ഷിക്കുന്നില്ല. ബാബ പറയുന്നു ഞാൻ ഇവരുടെ വാനപ്രസ്ഥ അവസ്ഥയിൽ ഇവരിൽ പ്രവേശിച്ച് ഇവർക്ക് മനസ്സിലാക്കിക്കൊടുക്കുകയാണ്. ആത്മാവുതന്നെയാണ് പവിത്രമായി മുകളിലേയ്ക്ക് പോകുന്നത്. ആത്മാവുതന്നെയാണ് പറക്കുന്നത്. ഇപ്പോൾ ആത്മാവിന്റെ ചിറകുകൾ മുറിഞ്ഞിരിക്കുകയാണ്. പറക്കാൻ കഴിയില്ല. രാവണൻ ചിറക് മുറിച്ചിരിക്കുന്നു. പതിതമായി മാറി. ഒരാൾക്കു പോലും തിരിച്ചുപോകാൻ കഴിയില്ല. ആദ്യം പരമപിതാവ് പോകണം. ശിവന്റെ വിവാഹഘോഷയാത്ര എന്ന് പറയാറില്ലേ. ശങ്കരന്റെ വിവാഹാഘോഷയാത്ര ഇല്ല. അച്ഛന്റെ പിന്നാലെ നമ്മൾ മക്കൾ എല്ലാവരും പോകും. ബാബ വന്നിരിക്കുകയാണ് കൂടെക്കൊണ്ടുപോകാൻ. ശരീരത്തോടെ കൊണ്ടുപോകില്ലല്ലോ. ആത്മാക്കൾ എല്ലാവരും പതിതമാണ്. ഏതുവരെ പവിത്രമാകുന്നില്ലയോ അതുവരെ തിരിച്ചുപോകാൻ സാധിക്കില്ല. പവിത്രതയുണ്ടായിരുന്നപ്പോൾ ശാന്തിയും സമൃദ്ധിയും ഉണ്ടായിരുന്നു. നിങ്ങൾ അദിസനാതന ദേവീ ദേവതാ ധർമ്മത്തിലുള്ളവർ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ ബാക്കി എല്ലാ ധർമ്മത്തിലുള്ളവരും ഉണ്ട്. ദൈവീക  ധർമ്മം മാത്രമില്ല. ഇതിനെ കല്പവൃക്ഷം എന്നാണ് പറയുന്നത്. ആൽമരവുമായി ഇതിനെ സാമ്യപ്പെടുത്താവുന്നതാണ്. തായ്ത്തടിയില്ല. ബാക്കി മുഴുവൻ വൃക്ഷവും നിൽക്കുന്നുണ്ട്. അതുപോലെ ഇവിടെയും ഫൗണ്ടേഷനായി ദേവീ ദേവതാ ധർമ്മം മാത്രമില്ല. ബാക്കി മുഴുവൻ വൃക്ഷവും നിൽക്കുന്നുണ്ട്. തീർച്ചയായും ഉണ്ടായിരുന്നു എന്നാൽ പ്രായലോപമായിപ്പോയി ഇനി വീണ്ടും ആവർത്തിക്കും. ബാബ പറയുന്നു ഞാൻ വീണ്ടും വരുകയാണ് ഒരു ധർമ്മത്തിന്റെ സ്ഥാപന ചെയ്യാൻ, ബാക്കി മുഴുവൻ ധർമ്മങ്ങളുടേയും വിനാശം സംഭവിക്കും. ഇല്ലെങ്കിൽ സൃഷ്ടി ചക്രം എങ്ങനെ കറങ്ങും? വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിക്കും എന്ന് പറയാറുണ്ട്. ഇപ്പോൾ പഴയ ലോകമാണ് ഇനി പുതിയ ലോകത്തിന് ആവർത്തിക്കണം. ഈ പഴയ ലോകം മാറി പുതിയ ലോകം സ്ഥാപിതമാകും. ഇതേ ഭാരതം പുതിയതിൽ നിന്നും പഴയതാകുന്നു. പറയുന്നു യമുനയുടെ തീരത്ത് പരിസ്ഥാനുണ്ടായിരുന്നു. ബാബ പറയുന്നു നിങ്ങൾ കാമചിതയിൽ ഇരുന്ന് ശ്മശാനത്തിലായിരിക്കുന്നു പിന്നീട് നിങ്ങളെ പരിസ്ഥാനിലുള്ളവരാക്കി മാറ്റുന്നു. ശ്രീകൃഷ്ണനെ ശ്യാമസുന്ദരൻ എന്ന് വിളിക്കുന്നത് എന്തുകൊണ്ടാണ്? ആരുടെ ബുദ്ധിയിലും ഉണ്ടാകില്ല. പേര് നല്ലതല്ലേ.

രാധയും കൃഷ്ണനും- ഇവരാണ് പുതിയ ലോകത്തിലെ രാജകുമാരനും രാജകുമാരിയും. ബാബ പറയുന്നു കാമചിതയിൽ ഇരിക്കുന്നതിനാൽ ഇരുമ്പുയുഗത്തിലാണ്. സാഗരത്തിന്റെ കുട്ടികൾ കാമചിതയിൽ വെന്തെരിഞ്ഞു എന്ന് പാടിയിട്ടുണ്ട്. ഇപ്പോൾ ബാബ എല്ലാവരിലും ജ്ഞാനത്തിന്റെ മഴ പെയ്യിക്കുകയാണ്. പിന്നീട് എല്ലാവരും ഗോൾഡൻ ഏജിലേയ്ക്ക് പോകും. ഇപ്പോൾ സംഗമയുഗമാണ്. നിങ്ങൾക്ക് അവിനാശിയായ ജ്ഞാനരത്നങ്ങൾ ദാനമായി ലഭിക്കുന്നു, ഇതിലൂടെ നിങ്ങൾ ധനികരായി മാറുന്നു. ഈ ഓരോ ഓരോ രത്നങ്ങൾ ലക്ഷക്കണക്കിന് രൂപ വിലയുള്ളതാണ്. അവർ പിന്നെ കരുതുന്നു ശാസ്ത്രങ്ങളുടെ വേർഷൻസ് ലക്ഷക്കണക്കിന് രൂപ വിലയുള്ളതാണ്. നിങ്ങൾ കുട്ടികൾ ഈ പഠിപ്പിലൂടെ കോടിപതികളാവുന്നു. സമ്പാദിക്കാനുള്ള ഉപാധിയല്ലേ. ഈ ജ്ഞാനരത്നങ്ങളെ നിങ്ങൾ ധാരണ ചെയ്യുന്നു. സഞ്ചി നിറയ്ക്കുന്നു. അവർ പിന്നീട് ശങ്കരനോട് പറയുന്നു- അല്ലയോ ഭം ഭം മഹാദേവ്, സഞ്ചി നിറയ്ക്കൂ. ശങ്കരനോടാണ് ഈ ആവശ്യം ഉന്നയിക്കുന്നത്. ബ്രഹ്മാവിന്റേയും വിഷ്ണുവിന്റേയും പാർട്ട് ഇവിടെയാണ്. ഇതും നിങ്ങൾക്ക് അറിയാം 84 ജന്മങ്ങൾ എന്ന് വിഷ്ണുവിനേയും പറയും ലക്ഷ്മീ നാരായണനേയും പറയും. നിങ്ങൾ ബ്രഹ്മാവിനും പറയും. ബാബ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്- സത്യം എന്താണ്, തെറ്റ് എന്താണ്, ബ്രഹ്മാ വിഷ്ണുവിന്റെ പാർട്ട് എന്താണ്. നിങ്ങൾ തന്നെയാണ് ദേവതകളായിരുന്നത്, ചക്രം കറങ്ങി ബ്രാഹ്മണനായി ഇനി വീണ്ടും ദേവതയാവുകയാണ്. പാർട്ട് മുഴുവൻ ഇവിടെയാണ് അഭിനയിക്കുന്നത്. വൈകുണ്ഠത്തിലെ കളികളും സന്തോഷവും കാണുന്നു. ഇവിടെ വൈകുണ്ഠമില്ല. മീര നൃത്തം ചെയ്തിരുന്നു. അതിനെയെല്ലാം സാക്ഷാത്ക്കാരം എന്നാണ് പറയുക. അവർക്ക് എത്ര അംഗീകാരമാണ്. സാക്ഷാത്ക്കാരം ലഭിച്ചു, കൃഷ്ണനുമായി നൃത്തം ചെയ്യുന്നത്. അതുകൊണ്ട് എന്താണ്, സ്വർഗ്ഗത്തിലൊന്നും പോയില്ലല്ലോ. ഗതിയും സദ്ഗതിയും സംഗമത്തിലേ ലഭിക്കൂ. ഈ പുരുഷോത്തമ സംഗമയുഗത്തെ നിങ്ങളാണ് മനസ്സിലാക്കുന്നത്. നമ്മൾ ബാബയിലൂടെ ഇപ്പോൾ മനുഷ്യനിൽ നിന്നും ദേവതയായി മാറുകയാണ്. വിരാട രൂപത്തിന്റേയും ജ്ഞാനം ആവശ്യമാണല്ലോ. ചിത്രം വെയ്ക്കുന്നു, ഒന്നും മനസ്സിലാക്കുന്നില്ല. അകാസുരൻ, ഭകാസുരൻ ഇതെല്ലാം ഈ സംഗമത്തിലെ പേരുകളാണ്. ഭസ്മാസുരൻ എന്നും പേരുണ്ട്. കാമചിതയിൽ ഇരുന്ന് ഭസ്മമായി. ഇപ്പോൾ ബാബ പറയുന്നു- ഞാൻ എല്ലാവരേയും വീണ്ടും ജ്ഞാനചിതയിൽ ഇരുത്തി കൂടെക്കൊണ്ടുപോകുന്നു. ആത്മാക്കൾ എല്ലാവരും സഹോദരങ്ങളാണ്. ഹിന്ദുക്കളും ചൈനീസും സഹോദരങ്ങളാണ്, ഹിന്ദുക്കളും മുസ്ലീങ്ങളും സഹോദരങ്ങളാണ് എന്ന് പറയാറുണ്ട്. ഇപ്പോൾ സഹോദരങ്ങൾ പോലും പരസ്പരം കലഹിക്കുന്നു. കർമ്മം ആത്മാവാണല്ലോ ചെയ്യുന്നത്. ശരീരത്തിലൂടെ ആത്മാവ് യുദ്ധം ചെയ്യുന്നു. പാപവും ആത്മാവിലാണ് ഏൽക്കുന്നത് അതിനാലാണ് പാപാത്മാവ് എന്ന് പറയുന്നത്. ബാബ എത്ര സ്നേഹത്തോടെ ഇരുന്ന് മനസ്സിലാക്കിത്തരുന്നു. ശിവബാബയ്ക്കും ബ്രഹ്മാബാബയ്ക്കും കുട്ടികളേ കുട്ടികളേ എന്ന് വിളിക്കാൻ അധികാരമുണ്ട്. ബാബ ദാദയിലൂടെ കുട്ടികളേ എന്ന് വിളിക്കുന്നു! മനസ്സിലാക്കുന്നുണ്ടല്ലോ, നമ്മൾ ആത്മാക്കൾ ഇവിടെ വന്ന് പാർട്ട് അഭിനയിക്കുകയാണ്. പിന്നീട് അവസാനം ബാബ വന്ന് എല്ലാവരേയും പവിത്രമാക്കി മാറ്റി കൂടെക്കൊണ്ടുപോകും. ബാബ തന്നെയാണ് വന്ന് ജ്ഞാനം നൽകുന്നത്. വരുന്നതും ഇവിടേയ്ക്കാണ്. ശിവജയന്തിയും ആഘോഷിക്കുന്നു. ശിവജയന്തിയ്ക്കുശേഷം കൃഷ്ണ ജയന്തിയുണ്ടാവുന്നു. ശ്രീകൃഷ്ണൻ തന്നെയാണ് പിന്നീട് ശ്രീനാരായണനായി മാറുന്നത്. ചക്രം കറങ്ങി പിന്നീട് (പതിതം)കറുത്തവരാകുന്നു. ബാബ വന്ന് വീണ്ടും വെളുത്തതാക്കുന്നു. നിങ്ങൾ ബ്രാഹ്മണർ തന്നെ ദേവതയായി മാറും. പിന്നീട് ഏണിപ്പടി ഇറങ്ങും. ഈ 84 ജന്മങ്ങളുടെ കണക്ക് ബാക്കി ആരുടേയും ബുദ്ധിയിൽ ഉണ്ടാവുകയില്ല. ബാബ തന്നെയാണ് കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നത്. ഗീതവും കേട്ടു- അവസാനം ഭക്തരുടെ വിളി കേട്ടു. വിളിക്കുന്നുണ്ട്- അല്ലയോ ഭഗവാനേ വന്ന് ഞങ്ങൾക്ക് ഭക്തിയുടെ ഫലം നൽകൂ. ഭക്തി ഫലം നൽകുന്നില്ല. ഫലം ഭഗവാനാണ് നൽകുന്നത്. ഭക്തരെ ദേവതയാക്കി മാറ്റുന്നു. നിങ്ങൾ വളരെയധികം ഭക്തി ചെയ്തു. ആദ്യമാദ്യം നിങ്ങൾ തന്നെയാണ് ശിവബാബയുടെ ഭക്തി ചെയ്തത്. ആരാണോ നല്ലരീതിയിൽ ഈ കാര്യങ്ങൾ മനസ്സിലാക്കുന്നത് അവർ ഈ കുലത്തിലേതാണ് എന്ന അനുഭവം നിങ്ങൾക്ക് ഉണ്ടാകും. ആരുടേയെങ്കിലും ബുദ്ധിയിൽ നിൽക്കുന്നില്ലെങ്കിൽ മനസ്സിലാക്കണം വളരെ അധികം ഭക്തി ചെയ്തിട്ടില്ല, പിന്നാലെയാണ് വന്നത്. ഇവിടെയും ആദ്യം വരില്ല. ഇത് കണക്കാണ്. ആരാണോ വളരെ അധികം ഭക്തി ചെയ്തത് അവർക്ക് കൂടുതൽ ഫലം ലഭിക്കും. കുറച്ച് ഭക്തിയ്ക്ക് കുറച്ച് ഫലം. അവർക്ക് സ്വർഗ്ഗത്തിന്റെ സുഖം അനുഭവിക്കാൻ സാധിക്കില്ല എന്തുകൊണ്ടെന്നാൽ ആരംഭത്തിൽ ശിവന്റെ ഭക്തി കുറച്ചേ ചെയ്തിട്ടുള്ളു. നിങ്ങളുടെ ബുദ്ധി ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്. ബാബ ഒരുപാട് ഭിന്ന ഭിന്ന യുക്തികൾ മനസ്സിലാക്കിത്തരുന്നുണ്ട്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ

കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യസാരം-**

1). ഓരോ ഓരോ ജ്ഞാനരത്നങ്ങളും കോടികളുടെ വിലയുള്ളതാണ്, അതിനാൽ തന്റെ സഞ്ചി നിറച്ച്, ബുദ്ധിയിൽ ധാരണ ചെയ്ത് പിന്നീട് ദാനം നൽകണം.

2). ശ്രീ ശ്രീയുടെ ശ്രേഷ്ഠ മതത്തിലൂടെ പരിപൂർണ്ണമായും നടക്കണം. ആത്മാവിനെ സതോപ്രധാനമാക്കുന്നതിനായി ദേഹീ അഭിമാനിയായി മാറുന്നതിനുള്ള പുരുഷാർത്ഥം പൂർണ്ണമായും ചെയ്യണം.

## വരദാനം:- സർവരെ പ്രതിയും ശുഭഭാവവും ശ്രേഷ്ഠ ഭാവനയും ധാരണചെയ്യുന്ന ഹംസ ബുദ്ധിയായ ഹോളി ഹംസം ആയി ഭവിക്കട്ടെ.

ഹംസ ബുദ്ധിയുടെ അർത്ഥമാണ് സദാ ഓരോ ആത്മാവിനെ പ്രതിയും ശ്രേഷ്ഠവും ശുഭവും ചിന്തിക്കുന്നവർ. ആദ്യം ഓരോ ആത്മാവിന്റെയും ഭാവം മനസിലാക്കിയിട്ട് ധാരണ ചെയ്യുന്നവർ. ഒരിക്കലും ബുദ്ധിയിൽ ഒരു ആത്മാവിനെ പ്രതിയും അശുഭവും സാധാരണവുമായ ഭാവം ധാരണ ചെയ്യരുത്.സദാ ശുഭ ഭാവവും ശുഭ ഭാവനയും വയ്ക്കുന്നവർ ഹോളി ഹംസമാണ്. അവർ ഏതെങ്കിലും ആത്മാവിന്റെ അമംഗളത്തിന്റെ കാര്യങ്ങൾ കേൾക്കുകയോ കാണുകയോ ചെയ്താലും അമംഗളത്തിനെയും മംഗളത്തിന്റെ വൃത്തിയിലേക്ക് പരിവർത്തനം ചെയ്യും. അവരുടെ ദൃഷ്ടി ഓരോ ആത്മാവിനെ പ്രതിയും ശ്രേഷ്ഠവും ശുദ്ധ സ്നേഹത്തിന്റേതും ആയിരിക്കും.

## സ്ലോഗൻ:- അതുപോലെ പ്രേമത്താൽ നിറഞ്ഞ ഗംഗയാകൂ താങ്കളിലൂടെ സ്നേഹസാഗരനായ ബാബ കാണപ്പെടണം.

**അവ്യക്ത സൂചന- സഹജയോഗി ആകണമെങ്കിൽ പരമാത്മ സ്നേഹത്തിന്റെ അനുഭവി ആകൂ.** പല ഭക്ത ആത്മാക്കളും പ്രഭു പ്രേമത്തിൽ ലയിക്കാൻ ആഗ്രഹിക്കുന്നു, ചിലർ ജ്യോതിയിൽ ലീനമാകാൻ ആഗ്രഹിക്കുന്നു. അങ്ങനെയുള്ള ആത്മാക്കൾക്ക് സെക്കന്റിൽ ബാബയുടെ പരിചയവും, ബാബയുടെ മഹിമയും, പ്രാപ്തികളും കേൾപ്പിച്ച് സംബന്ധത്തിന്റെ ലൗലീന അവസ്ഥയുടെ അനുഭവം ചെയ്യിപ്പിക്കൂ. ലൗലീനമാകുമ്പോൾ സഹജമായി ലീനമാകുന്നതിന്റെ രഹസ്യം മനസിലാക്കും.